പതിനാലാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1416 — 30.01.2018-ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ (ആർ എം എഫ്) 2017 ഡിസംബർ 31 വരെ നീക്കിയിരുപ്പുള്ള തുക യെത്രയെന്ന വ്യക്തമാക്കാമോ; | (എ) 50,61,96,114/-(അമ്പത് കോടി അറുപത്തിയൊന്ന ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി ഒരുന്നൂറ്റി പതിനാല് രൂപ മാത്രം) |
| (ബി) മലപ്പുറം ജില്ലയിൽ നിന്നും റിവർ മാനേജ്മെന്റ് ഫണ്ട് പത്തനംതിട്ട യിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് സംസ്ഥാനതല ഉന്നതാധികാര സമിതി തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ആയത് പുന: പരിശോധിക്കുവാൻ നടപടി സ്വീകരിയ്ക്കുമോ; | (ബി) തീരുമാനമെടുത്തിട്ടുണ്ട്. ഈ തീരുമാനം പുന:പരിശോധിക്കാൻ തീരുമാനമെടുത്തിട്ടില്ല |
| (സി) മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും എത്ര പ്രൊപ്പോസലുകൾ അംഗീ കാരത്തിനായി സമർപ്പി ച്ചിട്ടുണ്ടെന്നും ഓരോന്നിനും അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദാംശം വെളിപ്പെടുത്താമോ; | (സി) മലപ്പുറം ജില്ലയിൽ നിന്ന് 11 പ്രൊപ്പോസലുകൾ അംഗീകാരത്തിനായി ലഭിച്ചിരുന്നു. സംസ്ഥാന ഉന്നത തല കമ്മിറ്റി നിയോഗിച്ച സബ് കമ്മിറ്റി അംഗങ്ങൾ ഈ പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാന ത്തിൽ 3 പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുകയും 4 പ്രൊപ്പോസലുകൾക്ക് സബ്കമ്മിറ്റിയുടെ ശുപാർശ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും 4 പ്രൊപ്പോസലുകൾ നിരസിക്കുകയും ചെയ്തു. |
| (ഡി) മലപ്പുറം ജില്ലയിലെ ഫണ്ട് ജില്ലയിലെ പ്രപ്പോസലുകൾക്ക് തന്നെ വിനിയോഗി ക്കുന്നതിനും പെൻഡിംഗിലുള്ള പ്രപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ? | (ഡി) സംസ്ഥാന ഉന്നതതല യോഗ തീരുമാന പ്രകാരം നദീതീര സംരക്ഷണ പ്രവർത്തനത്തിനായി. കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മാണം പരമാവധി ഒഴിവാക്കി Vegetative protection രീതികൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണെന്ന് തീരുമാനിച്ചിരുന്നു. ആയതിനാൽ പെൻഡിംഗിലുള്ള പ്രൊപ്പോസ ലുകൾ ഇനി പരിഗണിക്കാൻ സാധിക്കുകയില്ല.<br><br>കേരളത്തിലെ വിവിധ ജില്ലകളിലായി 9 പാലങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനി ക്കുകയും ആദ്യഘട്ടമായി 5 പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. എന്നാൽ നിർമ്മാണം ഇതുവരെ ആരംഭിക്കാത്ത മലപ്പുറം ജില്ലയുൾപ്പെടെയുള്ള 4 പാലങ്ങളുടെ നിർമ്മാണത്തിന് ഫണ്ടിന്റെ അപര്യാപ്തത യുള്ളതിനാൽ ഏറ്റവും കൂടുതൽ RMF നീക്കിയിരിപ്പുള്ള മലപ്പുറം ജില്ലയിൽ നിന്നും 10 കോടി രൂപ ടി പ്രവർത്തികളുടെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള പത്തനംതിട്ട ജില്ലയ്ക്ക് ട്രാൻസ്ഫർ ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**